സമീർ വടുതല

# കരുത്തിന്റെ ധർമപാഠം

**മനുഷ്യനെ** മൃഗത്തിൽനിന്ന് വേറിട്ട് നിർത്തുന്നത് ധർമവിചാരമാണ്. മൂല്യബോധമില്ലായിരുന്നെങ്കിൽ സഹജീവിയുടെ വിശപ്പും വികാരവും പോലും തിരിച്ചറിയപ്പെടാതെ പോയേനെ. സാമൂഹിക ചിന്തകളുണരുന്നതും ത്യാഗത്തിനൊരുങ്ങുന്നതുമെല്ലാം ഈ മാനസികാനുഭൂതിയിൽനിന്നത്രെ. കൂടുതൽ വിശിഷ്ടമായ എന്തോ ഒന്നിനു വേണ്ടി ജന്തുസഹജമായ തന്റെ ആവശ്യങ്ങൾ പോലും ബലികഴിക്കുന്നേടത്താണ് മനുഷ്യന്റെ വിശിഷ്ടത. കാമനകളെ അടക്കിനിർത്താനുള്ള ആത്മശക്തിയാണ് മനുഷ്യന്റെ കരുത്ത്. ആത്മശക്തിയില്ലാത്തവൻ ശരീരശേഷി കൊണ്ടും ധനപ്രമാണിത്തം കൊണ്ടു മാത്രം ജയിക്കുകയില്ല. ഇതത്രെ കരുത്തിന്റെ ധർമപാഠം. വ്രതപാഠമെന്നും പറയാം. രണ്ട് തിരുമൊഴികൾ: "മൽപിടിത്തത്തിൽ മേൽക്കൈ നേടുന്നവനല്ല, കോപം വരുമ്പോൾ സ്വയം നിയന്ത്രിക്കുന്നവനാണ് ശക്തൻ" (ബുഖാരി, മുസ്‌ലിം). "സ്വയം വിചാരണ നടത്തുകയും മരണാനന്തരവിജയത്തിനു വേണ്ടി പ്രവർത്തിക്കുകയും ചെയ്യുന്നവനാണ് ബുദ്ധിമാൻ. ദേഹേഛകളുടെ ദാസനായിക്കൊണ്ട് അല്ലാഹുവിൽ ആശയർപ്പിക്കുന്നവൻ അബലനാകുന്നു" (തിർമിദി, ഇബ്നുമാജ).

ആത്മനിയന്ത്രണമാണ് മതത്തിന്റെ കാതൽ. വ്രതത്തിന്റെയും. ജീവിതത്തിന് കലാചാരുതയേകുന്നതും ഈ സംയമനശീലം തന്നെ. ഇന്ദ്രിയചോദനകളെ കയറൂരിവിട്ടാൽ മനുഷ്യൻ സ്വയമൊരു മൃഗമോ പിശാചോ ആയിത്തീരാനാണ് സാധ്യത. ജഡികേഛകൾക്ക് കടിഞ്ഞാണിടാനുള്ള കരുത്ത് നേടിയാലോ, മാലാഖമാരേക്കാൾ മഹത്വമാർജിക്കാനും കഴിഞ്ഞേക്കും. ഈ രണ്ട് സാധ്യതകളെയും ഖുർആൻ ചൂണ്ടിക്കാണിച്ചിട്ടുണ്ട്: "തീർച്ചയായും മനുഷ്യനെ നാം മികവുറ്റ ഘടനയിൽ പടച്ചു. പിന്നെ, നാമവനെ പതിതരിൽ പതിതനാക്കി" (*അത്തീൻ*: 4,5).

വാനരന്റെ വാല് മുറിഞ്ഞാണ് നരനായതെന്ന വാദം ചിരിച്ചു തള്ളാം. പക്ഷേ, സഹജീവികളോടും പ്രകൃതിയോടുമുള്ള സഹവർത്തനത്തിൽ മനുഷ്യനിന്ന് മൃഗീയതയിലേക്കോ പൈശാചികതയിലേക്കോ കൂപ്പുകുത്തുകയാണെന്നത് വാസ്തവം. അസൂയ, വിദ്വേഷം, അതിമോഹങ്ങൾ, അശ്ലീലത, ക്രൂരത, കാപട്യം, അഴിമതി, ചൂഷണം തുടങ്ങി സകല തിന്മകളും അവനിൽ പത്തിവിടർത്തിയാടുകയാണ്.

ഐശ്വര്യമെന്നാൽ ഭൗതിക വിഭവങ്ങൾ കുന്നുകൂട്ടലല്ലെന്നും മനസ്സിന്റെ ധന്യതയാണെന്നും പ്രവാചകൻ പറഞ്ഞിട്ടുണ്ട്. പക്ഷേ, അബൂലഹബിന്റെ ആർത്തിയാണിന്ന് പകർച്ചപ്പനി പോലെ പടരുന്നത് (ഇരുനൂറ് ഊഖിയ സ്വർണം ആസ്തിയുള്ള മക്കയിലെ നാല് ധനാഢ്യരിൽ ഒരാളായിരുന്നിട്ടും അബൂലഹബ് പണക്കൊതിയാൽ കഅ്ബയുടെ ഭണ്ഡാരം കുത്തി സ്വർണം കവർന്നെടുത്തതെന്നാണ് കഥ!). അച്ചടക്കമില്ലാത്ത മനസ്സാണ് പുതിയ കാലത്തിന്റെ മറ്റൊരു മുദ്ര. ഇതിന്റെ മുമ്പിലാണ് മുതലാളിത്തം വർണശബളമായ കമ്പോളം തുറന്നുവെച്ചിരിക്കുന്നത്. അതിനാൽ ഭോഗവസ്തുക്കൾ വാരിക്കൂട്ടുന്നതിലായിരിക്കുന്നു നമുക്കിടയിലെ മത്സരം. വീട്ടകങ്ങൾ വേണ്ടതും വേണ്ടാത്തതുമായ വിഭവങ്ങളാൽ നിറഞ്ഞുകവിയുന്നു. കമ്പോളം ഒഴുക്കിവിടുന്ന മാലിന്യപ്രളയത്തിൽ മനുഷ്യന്റെ അകവും പുറവും വൃത്തികേടാകുന്ന അനുഭവം. ജീവിതത്തിന്റെ നേർക്കുള്ള ഇത്തരം പൈശാചികാക്രമണങ്ങളെ പ്രതിരോധിക്കാനുള്ള പരിചയാണ് വ്രതം. വ്രതലക്ഷ്യം ഭക്തിയാണെന്ന് ഖുർആൻ വ്യക്തമാക്കിയിട്ടുണ്ട്. ഭക്തിയുടെ ഒരടയാളം ജീവിതലാളിത്യവും സംതൃപ്തിയുമാണെന്ന് അലി(റ).

സമരങ്ങളിൽ, ആത്മസമരത്തിനാണ് ഇസ്‌ലാമിൽ പ്രാഥമ്യം. ആന്തരികപ്രലോഭനങ്ങളെ കീഴടക്കിയവർക്കേ, ബാഹ്യശത്രുക്കളെ തോൽപിക്കാനാകൂ എന്നതുകൊണ്ടാണിത്. ത്വാലൂത്തും സംഘവും ജാലൂത്തിയൻ സാമ്രാജ്യത്വത്തെ നേരിടാൻ പോയ കഥ ഖുർആൻ വിവരിക്കുന്നത് ഈ പാഠത്തിനടിവരയിടാനാണ്. കടുത്ത ഉഷ്ണകാലത്തായിരുന്നു അവരുടെ യാത്ര. സൈന്യം പുറപ്പെട്ടപ്പോൾ നായകനായ ത്വാലൂത്ത് അണികളോട് പറഞ്ഞു: "വഴിയിലൊരു പുഴയുണ്ട്. അത് നിങ്ങൾക്ക് ദൈവിക പരീക്ഷണമാണ്. പുഴകടക്കുമ്പോൾ ജലപാനമരുത്. നിർബന്ധിതാവസ്ഥയിൽ അര കൈക്കുടന്ന വെള്ളമാവാം." പോരാളികളുടെ മനോവീര്യമറിയാനായിരുന്നു ഈ പരീക്ഷണം. പക്ഷേ, പുഴ കണ്ടപ്പോൾ തുഛം പേരൊഴികെ, സകലരും സർവം മറന്ന് ദാഹം തീർത്തുകളഞ്ഞു! സ്വന്തത്തെ നിയന്ത്രിക്കാൻ കഴിയാതിരുന്ന ഇക്കൂട്ടർ, ജാലൂത്തിന്റെ വമ്പൻ പടയെ അഭിമുഖീകരിക്കേണ്ട സന്ദർഭത്തിൽ ലജ്ജാകരമായ ഭീരുത്വമാണ് പ്രകടിപ്പിച്ചതെന്ന് ഖുർആൻ. 'ഞങ്ങൾക്ക് പോരാട്ടത്തിന് ത്രാണിയില്ല' എന്ന് അവർ സ്വയം നിലവിളിക്കുകയായിരുന്നുവത്രെ. എന്നാൽ ആത്മശക്തിയാർജിച്ച ന്യൂനപക്ഷത്തിന്റെ പ്രതികരണം ഉജ്ജ്വലമായിരുന്നു. ഉറവ വറ്റാത്ത ആത്മധൈര്യത്തോടെ അവർ പറഞ്ഞു: "എത്രയെത്ര ചെറുസംഘങ്ങൾ ദൈവഹിതത്താൽ വൻ സൈന്യങ്ങളെ തറപറ്റിച്ചിരിക്കുന്നു?" (*അൽബഖറ* 246-251).

ബദ്റിന് മാസങ്ങൾക്കു മുമ്പ് ഖുർആൻ ഖുറൈശികളെ കേൾപ്പിച്ച ഈ ചരിത്രകഥനത്തിൽ നമ്മുടെ കഥ കൂടി പ്രതിബിംബിക്കുന്നില്ലേ? ഒഴുക്കിനെതിരെ നീന്താനുള്ള സമുദായത്തിന്റെ കരുത്ത് കാണെക്കാണെ ചോർന്നുപോവുകയല്ലേ? നവ സാമ്രാജ്യത്വ വിരുദ്ധപ്പോരാട്ടങ്ങളെ എത്ര ലാഘവബുദ്ധിയോടെയാണ് നാം ലളിതവൽക്കരിക്കുന്നത്? മുതലാളിത്തത്തിന്റെ ചൂണ്ടക്കൊളുത്തായ വിപണിയുടെ പ്രലോഭനങ്ങളിൽ കാലിടറാത്ത എത്ര പേരുണ്ടാകും നമുക്കിടയിൽ? ഏതാനും മുദ്രാവാക്യ സാഹിത്യങ്ങളും അൽപം കുറുവടികളും ശകലം വൈകാരികാവേശങ്ങളും കൈമുതലാക്കി അഭിനവ ജാലൂത്തുമാരെ തോൽപിച്ചുകളയാമെന്നാണ് സമുദായത്തിന്റെ വ്യാമോഹം. ധാർമിക ഗുണങ്ങളാണ് ഏത് പോരാട്ടത്തിലും മുഖ്യമെന്ന ഖുർആനിക പാഠമാണിവിടെ വിസ്മരിക്കപ്പെടുന്നത്. ജാലൂത്തിന്റെ വമ്പൻ പടയെ കണ്ടപ്പോൾ പോലും ആത്മശക്തിയാർജിച്ചവർ പ്രാർഥിച്ചത് ആയുധങ്ങൾക്ക് വേണ്ടിയല്ലായിരുന്നുവെന്നത് നമ്മുടെ കണ്ണ് തുറപ്പിക്കേണ്ടതാണ്. മനോഗുണങ്ങൾ വർധിപ്പിക്കാനായിരുന്നു അവരുടെ തേട്ടം. "ഞങ്ങളുടെ നാഥാ! ഞങ്ങൾക്ക് നീ ക്ഷമ പകർന്നുതരേണമേ! ഞങ്ങളുടെ പാദങ്ങൾ ഉറപ്പിച്ചു നിർത്തേണമേ. സത്യനിഷേധികളായ ജനത്തിനെതിരെ ഞങ്ങളെ നീ സഹായിക്കേണമേ!" (*അൽബഖറ*: 250).

അലസതയും നിദ്രയും അമിതഭോജനവും പട്ടിണിയും പങ്കിട്ടെടുത്ത് ശൂന്യതയിൽ വിലയം പ്രാപിക്കേണ്ടതല്ല നമ്മുടെ വ്രതകാലം. ആത്മനിയന്ത്രണവും ആത്മീയോൽക്കർഷവും മേളിച്ച ആന്തരിക ശക്തിയുടെ വീണ്ടെടുപ്പാണ് റമദാൻ സമർപ്പിക്കുന്ന വലിയ ടാർജറ്റ്. ബദ്റും മക്കാവിജയവും കുരിശുപടയെ ജയിച്ച സ്വലാഹുദ്ദീനും ചരിത്രത്തിന് മഴവില്ലിന്റെ വർണം പകർന്നത് റമദാനിലായിരുന്നുവെന്ന് നമുക്ക് മറക്കാതിരിക്കാം. ■